വർദ്ധിപ്പിക്കാതെ വില്ലേജുകളുടെ എണ്ണം പരിമിതപ്പെടുത്തുകയാണെങ്കിൽ ഓരോ വില്ലേജ് ഓഫീസും അതിനനുസരിച്ച് വിപുലപ്പെടുത്തുക മുതലായ കാര്യങ്ങൾ പരിശോധിക്കേണ്ടിവരും, എന്തായാലും ഗവൺമെന്റ് ഇക്കാര്യം വിശദമായി പരിശോധിക്കുന്നതാണ്.

കോയിപ്രം വില്ലേജിലെ പ്ളാവേലിച്ചിറ, പൊട്ടുകുളംചിറ നിവാസികൾക്ക് കൈവശഭൂമിക്ക് പട്ടയം നൽകാനുള്ള നടപടി

57 (1414)ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) കോയിപ്രം വില്ലേജിലെ പ്ലാവേലിച്ചിറ, പൊട്ടുകുളംചിറ നിവാസികൾക്ക് കൈവശഭൂമിക്ക് പട്ടയം നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ബി) ഇതു സംബന്ധിച്ച് എന്തെങ്കിലും നിവേദനം സർക്കാരിനു ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത നിവേദനത്തിന്റ അടിസ്ഥാനത്തിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) കഴിഞ്ഞ 30 വർഷത്തിലധികമായി ഈ പ്രദേശത്ത് താമസിച്ചുവരുന്ന ഭൂരഹിതരായ കൈവശക്കാർക്ക് അടിയന്തിരമായി കൈവശ ഭൂമി പതിച്ചു നൽകാൻ നടപടി സ്വീകരിക്കുമോ;

ഉത്തരം

(എ) കോയിപ്രം വില്ലേജിലെ പ്ളാവേലിച്ചിറയിലെ താമസക്കാരായ അപേക്ഷ സമർപ്പിച്ച 8 പേർക്കും പൊട്ടുകുളംചിറയിൽ അപേക്ഷ സമർപ്പിച്ച 5 പേർക്കും 10.1.2000-ൽ നടന്ന പട്ടയമേളയിൽ പട്ടയം നൽകി.

(ബി) ഉണ്ട്.

(സി)&(ഡി) പട്ടയം നൽകിയിട്ടുണ്ട്.

പേരോൽ വില്ലേജിൽ കണ്ണൂർ യൂണിവേഴ്സിറ്റിക്ക് ഭൂമി പതിച്ചു നൽകാൻ നടപടി

58 (1416)ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ഹോസ്ദുർഗ് താലൂക്കിൽ പേരോൽ വില്ലേജിൽ കണ്ണൂർ യൂണിവേഴ്സിറ്റിക്ക് ഭൂമി പതിച്ചു നൽകൽ നടപടി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഭൂമി പതിച്ചു നൽകാൻ കാലതാമസം നേരിടുന്നതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) നിയമതടസ്സം ഒഴിവാക്കി ഭൂമി പതിച്ചു നൽകുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly